# കേരളസർവകലാശാല

നം.പി.ആർ.98/2021

## പത്രക്കുറിപ്പ്

### എം.എഡ്., എം.ടെക്., പി.ജി. അഡ്മിഷൻ – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷനിൽ 2021 – 22 വർഷത്തെ എം.എഡ്. കോഴ്സിന് അഡ്മിഷൻ നേടുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുന്നത്. 2021 ജൂണിൽ നടത്തുന്ന എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി മെയ് 31. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.എഡ്. ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബി.എഡ്. വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് കാര്യവട്ടം സി.എസ്.എസ്. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 2308328, 0471 2304718

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് 2021 – 22 അദ്ധ്യയന വർഷത്തെ എം.ടെക്., പി.ജി. എന്നീ കോഴ്സുകളിലേക്ക് അഡ്മിഷനുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സർവകലാശാല ഹെൽപ്പ്ഡെസ്ക്/എൻക്വയറി സേവനം താൽക്കാലികമായി നിർത്തി

കോവിഡ് 19 വ്യാപനത്തിന്റേയും സർക്കാർ നിയന്ത്രണങ്ങളുടേയും പശ്ചാത്തലത്തിൽ കേരളസർവകലാശാലയുടെ ഹെൽപ്പ്ഡെസ്ക്/എൻക്വയറി കൗണ്ടറുകളുടെ നേരിട്ടുള്ള സേവനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. 9188526670, 9188526671, 9188526674, 9188526675 എന്ന ഫോൺ നമ്പറുകളിലും examhelpdesk1@keralauniversity.ac.in, examhelpdesk2@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡി.കളിൽ കൂടിയും അന്വേഷണങ്ങൾ നടത്താവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
03.05.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675